ഗ്രാമപഞ്ചായത്ത്	തൊഴിൽ ദിനങ്ങൾ					
	2011-12	2012-13	2013-14	2014-15	2015-16	ആകെ
അമ്പലപ്പുഴ തെക്ക്	74173	63343	98910	61216	47354	344996
അമ്പലപ്പുഴ വടക്ക്	107031	83325	97837	74896	51692	414781
പുന്നപ്ര തെക്ക്	82437	107639	164921	130377	121349	606723
പുന്നപ്ര വടക്ക്	130068	140186	173809	56342	69315	569720
പുറക്കാട്	110753	169625	275191	225686	133570	914825
തകഴി	2826	8510	10169	5118	1642	28292
ആകെ	507288	572628	820864	553635	424922	2879337

(സി) തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ധ കൂലി നിരക്ക് നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം

26 (3228) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം (ഇ.റ്റി.സി.) ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; അതുമായി ബന്ധപ്പെട്ട ഫയലുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഒരു ഉദ്യോഗസ്ഥന്റെ വസ്തുതാവിരുദ്ധമായ നോട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാതിരിക്കാനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രെയിനിംഗ് സെന്റർ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യതയുണ്ടാക്കും എന്ന ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യം തൽക്കാലം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഫയലിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ വിഷയത്തിൽ വിശദമായ പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ

27 (3229) ശ്രീ .കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലുറപ്പ് പദ്ധതികൾക്കായി പഞ്ചായത്ത്/നഗരസഭകളിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വർഷം ഇതുവരെയായി എത്ര തുക ഇതിനായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലുറപ്പ് പദ്ധതികൾക്കായി പഞ്ചായത്തുകളിലും നഗരസഭകളിലുമായി ആകെ 3372.17 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഈ വർഷം ഇതുവരെയായി ഗ്രാമപഞ്ചായത്തുകളിൽ 110028.38 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. നഗരസഭകൾക്കായി 668.08 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly